DESPATCHED
On..21/2/22..

10/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2647*(2)/2015*/*എസ്.ഐ.സി.***തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **18391** /*എസ്.ഐ.സി–ജി 6/2015)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ,
മേതല വളപ്പിൽ ഹൗസ്,
എടക്കാട് (പി.ഒ),
കണ്ണൂർ – 670 663.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   എടക്കാട് വില്ലേജ് ഓഫീസ്,
   കണ്ണൂർ.

2. അപ്പീൽ അധികാരി & തഹസിൽദാർ,
   താലൂക്ക് ഓഫീസ്,
   കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.09.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16.10.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16.11.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.12.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 03.12.2015 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ, 01/12/2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 03/12/2015 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2647(2)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 15/09/2015 തീയതി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ എടക്കാട് വില്ലേജ് ഓഫീസിൽ ഇപ്പോൾ നിലവിലുള്ള വില്ലേജ് ഓഫീസറെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

4. 16/10/2015 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് 16/11/2015-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 19/12/2015 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 15/09/2015 തീയതി എടക്കാട് വില്ലേജ് ഓഫീസർക്ക് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച ഹർജിയിന്മേൽ മറുപടി ലഭിച്ചില്ലെന്ന് കാണിച്ച് 16/10/2015-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ ടി ഓഫീസിൽ 19/10/2015-നാണ് ലഭ്യമായതെന്നും, എടക്കാട് വില്ലേജ് ഓഫീസറുടെ മേൽവിലാസം, വിദ്യാഭ്യാസ വിവരങ്ങളും, സർവ്വീസിൽ നിന്നും വിരമിക്കുന്ന വർഷം, മാസം, തീയതി എന്നിങ്ങനെ വ്യക്തിപരമായ വിവരങ്ങളും കൂടാതെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതും വില്ലേജ് ഓഫീസറെ വ്യക്തിഹത്യ നടത്തുന്ന രീതിയിലുള്ള ചോദ്യങ്ങളുമാണ് ഉന്നയിച്ചിട്ടുള്ളതെന്നും, അപ്പീലിന്മേൽ നടപടിയെടുക്കുന്നതിലേയ്ക്ക് വില്ലേജ് ഓഫീസറെ പറ്റി ഇത്തരം ആരോപണങ്ങൾ ഉന്നയിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും കക്ഷിയെ നേരിൽ കേൾക്കുന്നതിന് 12/11/2015-ന് വിചാരണ തീരുമാനിച്ചിരുന്നുവെന്നും, എന്നാൽ വിചാരണ വേളയിൽ കക്ഷി ഹാജരാവാതിരിക്കുകയും എടക്കാട് വില്ലേജ് ഓഫീസർ ഹാജരാകുകയും പരാതി അടിസ്ഥാനരഹിതമാണെന്ന് ബോധിപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ ടിയാന് ഇക്കാര്യത്തിൽ പരാതിയില്ലെന്ന നിഗമനത്തിൽ അപ്പീൽ തള്ളി തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നും, ഇത് സംബന്ധിച്ച് കക്ഷിയ്ക്ക് 16/11/2015-ന് കത്ത് നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, 19/12/2015–ലെ രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ച് കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ജനുവരി 10–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV